28 (*28) കുടുംബ കോടതികളുടെ പ്രവർത്തനം

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടുംബ കോടതികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) നിലവിൽ സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് കുടുംബ കോടതികൾ പ്രവർത്തിക്കുന്നത്;

(സി) കുടുംബകോടതികളുടെ പ്രവർത്തനം എത്രത്തോളം ഫലപ്രാപ്തിയിൽ എത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കുടുംബ തർക്ക പ്രശ്നങ്ങൾക്ക് വേഗത്തിൽ തീർപ്പ് കല്പിക്കുവാൻ കൂടുതൽ കുടുംബ കോടതികൾ എല്ലാ ജില്ലകളിലും സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) സംസ്ഥാനത്തെ കുടുംബ കോടതികളുടെ പ്രവർത്തനം ത്വരിത ഗതിയിലാക്കാൻ ആവശ്യമായ കെട്ടിട സൗകര്യങ്ങൾ ഫർണിച്ചർ, ജഡ്ജിക്കുള്ള വാഹനം, ഫോൺ, താമസസൗകര്യം ഇവ അനുവദിച്ചിട്ടുണ്ട്. കേസുകളുടെ കാലതാമസം ഒഴിവാക്കാനായി ഓരോ കുടുംബ കോടതിയോടനുബന്ധിച്ച് പ്രിൻസിപ്പൽ കൗൺസിലറേയും മറ്റു കൗൺസിലർമാരേയും നിയമിക്കുന്നതിനുള്ള അധികാരം ഹൈക്കോടതിക്കു നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും കുടുംബകോടതികൾ അനുവദിക്കുന്ന കാര്യം ഓരോ ജില്ലയിലേയും കുടുംബ സംബന്ധമായ കേസിന്റെ ബാഹുല്യം കണക്കിലെടുത്ത് ഘട്ടം ഘട്ടമായി സ്ഥാപിക്കുന്നത് തത്വത്തിൽ അംഗീകരിച്ച് അനന്തര നടപടികൾ ഹൈക്കോടതിയുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു. കുടുംബ കോടതികളുടെ പ്രവർത്തനവും കേസിന്റെ തീർപ്പാക്കലും ഹൈക്കോടതി സൂക്ഷ്മമായി വിലയിരുത്തുന്നുണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം (മഞ്ചേരി) കോഴിക്കോട് എന്നീ ജില്ലകളിൽ കുടുംബകോടതികൾ പ്രവർത്തിക്കുന്നുണ്ട്.

(സി) കുടംബ പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കാൻ അനുരഞ്ജന മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ടാണ് കുടുംബ കോടതികൾ പ്രവർത്തിക്കുന്നത്. നിയമത്തിന്റെ നടപടികൾ, തെളിവ് എന്നിവയിൽ ആവശ്യമായ അയവു നൽകികൊണ്ട് കുടുംബകോടതികളുടെ പ്രവർത്തനം സുഗമമാക്കുന്നുണ്ട്. ആയതിനാൽ കേസുകൾ വേഗം തീർപ്പാക്കാൻ സാധിക്കുന്നുണ്ട്.

(ഡി) എല്ലാ ജില്ലകളിലും ഘട്ടംഘട്ടമായി കുടുംബ കോടതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഹൈക്കോടതിയുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നു.

29 (*29) ടൂറിസം വികസനം

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീ. സെബാസ്റ്റ്യൻ പോൾ :

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ -വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം വികസനത്തിനായി സർക്കാർ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വിനോദസഞ്ചാര മേഖലയിൽ സ്വകാര്യനിക്ഷേപകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്തിന്റെ വിനോദസഞ്ചാര വികസനത്തിൽ ഏറെ സാദ്ധ്യതകളുള്ള കായലോര ജല വിനോദസഞ്ചാരം പരമാവധി ഉപയോഗപ്പെടുത്തുന്നതിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) കൊല്ലം-തിരുവനന്തപുരം വെസ്റ്റ്കോസ്റ്റ് കനാലിൽ ഹൗസ് ബോട്ട് സർവ്വീസ് ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) സംസ്ഥാനത്തെ ടൂറിസം വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധം -1 ൽ ചേർത്തിട്ടുണ്ട്.[†]

(ബി) ടൂറിസം മേഖലയിൽ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടൂറിസം രംഗത്തെ നിക്ഷേപകർക്കായി ഏർപ്പെടുത്തിയിട്ടുള്ള ഇൻവെസ്റ്റ്മെന്റ് സബ്സിഡി, വൈദ്യുതി നിരക്കിലെ സൗജന്യം, പ്രോജക്ട് റിപ്പോർട്ട്/ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള സബ്സിഡി, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള സഹായം ഭൂമി ലഭ്യമാക്കുന്നതിനുള്ള സഹായം, എന്നിവയാണ് മുഖ്യ ഇനങ്ങൾ. സ്വകാര്യ നിക്ഷേപകർക്കു വേണ്ട മാർഗ്ഗ നിർദ്ദേശം നൽകാനുള്ള ഒരു ഗൈഡൻസ് സെൽ ടൂറിസം ഡയറക്ടറേറ്റിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ സ്വകാര്യ നിക്ഷേപകരെ ഈ രംഗത്തേക്ക് ആകർഷിക്കത്തക്ക രീതിയിൽ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

(സി) ഉണ്ട്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-2ൽ ചേർത്തിട്ടുണ്ട്.[†]

(ഡി) ഇത് സംബന്ധിച്ച് 'നാറ്റ്പാക്ക്'ൽ നിന്ന് പ്രോജക്ട് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ തുടങ്ങി വരുന്നതേയുള്ളൂ.

[†] ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

203/2010.

LIBRARY ARCHIVES Kerala Legislative Assembly